## ശ്രദ്ധക്ഷണിക്കൽ

### അടിസ്ഥാന യോഗ്യതാ മാറ്റം പു:നപരിശോധിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മമ്മൂട്ടി: സർ, പി.എസ്.സി-യുടെ ശുപാർശപ്രകാരം 01-07-2011-ലെ സർക്കാർ ഉത്തരവ് എം.എസ് 21/2011 പ്രകാരം ഉയർത്തിയ മിനിമം യോഗ്യത തീരുമാനിച്ചതിനെത്തുടർന്നുണ്ടായിട്ടുള്ള ചില സ്ഥിതി വിശേഷങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാനിത് അവതരിപ്പി ക്കുന്നത്. പിന്നോക്ക സമുദായ ക്ഷേമ കമ്മിറ്റി എന്ന നിലയ്ക്ക് ഈ വിഷയം സംബന്ധിച്ച് ലഭിച്ച പരാതിയെത്തുടർന്ന് ഞങ്ങൾ കേരളത്തിലെ മിക്ക ജില്ലക ളിലും തെളിവെടുപ്പ് നടത്തിയിരുന്നു. നമ്മുടെ സമൂഹത്തിൽ ഇപ്പോൾ വിദ്യാ ഭ്യാസ നിലവാരം ഉയർന്നുവരികയും വിദ്യാഭ്യാസ സ്ഥിതിഗതികൾ മെച്ചപ്പെടു കയും ചെയ്ത സാഹചര്യത്തിൽ സ്വാഭാവികമായും പി.എസ്.സി നിയമന ങ്ങളും ഗവൺമെന്റ് ഉദ്യോഗങ്ങളുമൊക്കെ നിലവാരമുള്ള അവസ്ഥയിലേക്ക് കൊണ്ടുവരണമെന്നുള്ളത് ന്യായമായ ഒരു കാര്യമാണ്. എന്നാൽ നമ്മുടെ സമൂഹം വിദ്യാഭ്യാസപരമായി ഉന്നതിയിലേക്ക് പോകുമ്പോഴും മലയോരമേ ഖലയിലും കടലോരമേഖലയിലുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ങ്ങളിൽപ്പെട്ടവർ വിദ്യാഭ്യാസപരമായി ഇപ്പോഴും പിന്നോക്കം നിൽക്കുന്ന അവസ്ഥയുണ്ട് എന്ന വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്. അതുകൊണ്ട് ഡിസ്പാരിറ്റി ഇപ്പോൾ കൂടികൂടി വരികയാണ്. ഒരു വിഭാഗം നന്നായി സമൂഹത്തിൽ വിദ്യാഭ്യാസം നേടു മ്പോഴും മറ്റൊരുവിഭാഗം വളരെ പിന്നോക്കം പോവുകയാണ്. പട്ടികജാതി

പട്ടികവർഗ്ഗക്കാരുടെ വിഷയം വളരെ ദയനീയമാണെന്ന് ഇന്നലെ ഇവിടെ കെ.പി.സി.സി പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തല സൂചിപ്പിക്കുകയുണ്ടായി. ഇത് വിരൽചൂണ്ടുന്നത് സാമൂഹികമായി വളരെ പിന്നോക്കം നിൽക്കുന്ന സമൂഹത്തിലുള്ളവർ പത്താം ക്ലാസ് കഴിയുന്നതോടുകൂടി അവരുടെ വിദ്യാഭ്യാസം നിർത്തുകയാണ് ചെയ്യുന്നതെന്നാണ്. പിന്നെ എങ്ങനെയെങ്കിലും ഒരു ജോലി കിട്ടാൻ വേണ്ടി അവർ ശ്രമം നടത്തുന്നു. ക്ലാർക്ക് തസ്തികയ്ക്ക് അപേക്ഷിക്കാൻ പ്ലസ് ടു യോഗ്യത നിശ്ചയിക്കുന്നതോടുകൂടി അത്തരക്കാർക്ക് അപേക്ഷിക്കാനുള്ള അവസരം നഷ്ടപ്പെടുകയാണ്. ക്ലാർക്ക് തസ്തികയ്ക്ക് അപേക്ഷിക്കാനുള്ള മിനിമം യോഗ്യത എസ്.എസ്.എൽ.സി തന്നെയാണെങ്കിൽ എസ്.എസ്.എൽ.സി കാർക്കും പ്ലസ് ടു കാർക്കും അപേക്ഷിക്കാൻ കഴിയുകയും മത്സര പരീക്ഷയിൽ അവരുടെ കഴിവിനനുസരിച്ച് തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു. മത്സര പരീക്ഷ നടത്തുന്നതുകൊണ്ട് ഏറ്റവും താഴെ തലത്തിലുള്ള ജോലികൾക്ക് യോഗ്യത ഉയർത്തേണ്ട കാര്യമില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മലയോര മേഖലയിലെയും കടലോര മേഖലയിലെയും, പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ്ഗമുൾപ്പടെയുള്ള പിന്നോക്കവിഭാഗക്കാർക്ക് അവസരം നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് ഇതിലൂടെയുണ്ടാകുന്നത്. മാത്രമല്ല എസ്.എസ്.എൽ.സി-യും ഐ.ടി.ഐ-യും പോളിടെക്നികും പാസ്സായവർക്കുപോലും അപേക്ഷിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. ആ സാഹചര്യത്തിൽ ഇത്തരം ആളുകളെ കൂടി പരിഗണിക്കുന്ന അവസ്ഥയിലേക്ക് ഈ തീരുമാനം പുന:പരിശോധിക്കേണ്ടതാണ്. എന്നാൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് അപേക്ഷിക്കാനുള്ള മിനിമം ക്വാളിഫിക്കേഷൻ 50 ശതമാനം മാർക്കോടെ ഡിഗ്രിയും

ഡി.സി.എ. യുമാണ്. അതിൽ മാറ്റം വരുത്തണമെന്ന് ഞാൻ പറയുന്നില്ല. കാരണം 50 ശതമാനം മാർക്ക് വേണമെന്നുള്ളതിൽ ഇളവ് വരുത്തിയാൽ മതി. പത്താം ക്ലാസ് പാസാകുന്ന അടിസ്ഥാന വർഗ്ഗമായ അധസ്ഥിതവിഭാഗ ക്കാർക്കുകൂടി അവസരം ലഭിക്കുന്ന വിധത്തിൽ ഈ തീരുമാനം പുന:പരി ശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പത്താം ക്ലാസ് കഴിഞ്ഞതിനു ശേഷം ഐ.ടി.ഐ, പോളിടെക്നിക്, ഡിപ്ലോമ തുടങ്ങിയ ടെക്നിക്കൽ ക്വാളി ഫിക്കേഷൻ നേടിയവർക്കുപോലും ക്ലാർക്ക് തസ്തികയിലേക്ക് അപേക്ഷി ക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടാകുന്നത്. ഈ ഗൗരവമായ അവസ്ഥാ വിശേഷം കടലോരമേഖലയിലും മലയോരമേഖലയിലും താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളെയും മുക്കുവൻമാരുൾപ്പെടെയുള്ള മറ്റ് ദുർബലവിഭാഗങ്ങളെയും ബാധിക്കുമെന്നുള്ളതുകൊണ്ട് മിനിമം യോഗ്യത യെക്കുറിച്ച് പുന:പരിശോധന നടത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോട് ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. മമ്മൂട്ടി ഇവിടെ ഉന്നയിച്ച പ്രശ്നം നിശ്ചയമായും ഗവൺമെന്റ് ഗൗരവത്തോടെ പരിശോധിക്കും. പിന്നോക്ക വിഭാഗങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ ബുദ്ധി മുട്ടുണ്ടാകുന്ന സാഹചര്യമുണ്ടെന്ന് ബോധ്യപ്പെട്ടാൽ അതിനാവശ്യമായ മാറ്റ ങ്ങൾ വരുത്തുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്. കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ശുപാർശ പ്രകാരമാണ് വിവിധ കോമൺ തസ്തിക കളുടെ അടിസ്ഥാന യോഗ്യതകളിൽ ഭേദഗതി വരുത്തി 01-07-2011-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം എൽ. ഡി.സി തസ്തികയുടെ അടിസ്ഥാന യോഗ്യത പ്ലസ് ടു ആയും സെക്രട്ടേറിയറ്റ്

അസിസ്റ്റന്റ് തസ്തികയുടേത് 50 ശതമാനം മാർക്കോടുകൂടിയ സയൻസ് ബിരുദവും അല്ലെങ്കിൽ 45 ശതമാനം മാർക്കോടുകൂടിയ ആർട്സ് ബിരുദവും, ഡി.സി.എ-യുമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് അസിസ്റ്റന്റ് തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് മാർക്ക് നിബന്ധനയിൽ ഇളവും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ നിലവാരം പരിഗണിച്ചും സിവിൽ സർവീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമാണ് തസ്തികകളുടെ യോഗ്യതകൾ കാലോചിതമായി പരിഷ്കരിച്ചത്. ഇത് ഏതെങ്കിലും വിഭാഗത്തിന് സിവിൽ സർവീസിലേക്ക് കടന്നുവരുന്നതിന് തടസമാകുന്നു എന്ന് ബോധ്യപ്പെട്ടാൽ നിശ്ചയമായും അത് പരിശോധിക്കും, അതിനെക്കുറിച്ച് പഠിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം ഇവിടെ ഉന്നയിച്ച സാഹചര്യത്തിൽ ഇത് നടപ്പിലാക്കി കഴിഞ്ഞ് ഇതിനുണ്ടാകുന്ന പ്രായോഗികമായ ബുദ്ധിമുട്ടുകൾ, പ്രത്യേകിച്ച് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവീസിലേക്ക് കടന്നുവരുന്നതിനുള്ള തടസമെന്താണെന്നുള്ളത്, പഠിച്ച് അതിന്മേൽ തീരുമാനമെടുക്കുന്നതാണ് എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി: സർ, മിക്ക ജില്ലകളിലും പിന്നോക്ക സമുദായ ക്ഷേമ കമ്മിറ്റി തെളിവെടുപ്പ് നടത്തിയിരുന്നു. അതിലൂടെ ലഭിച്ച അപേക്ഷകൾ ഇതാണ് ചൂണ്ടിക്കാണിക്കുന്നത്. ഇക്കാര്യത്തിൽ അവരുടെ ഭയപ്പാടാണ് അവർ വ്യക്തമാക്കുന്നത്. അസംബ്ലി കമ്മിറ്റിയുടെ റിപ്പോർട്ട് അടുത്ത ആഴ്ച ഗവൺമെന്റിന് സമർപ്പിക്കുന്നുണ്ട്. ഈയൊരു സാഹചര്യത്തിൽ അതുകൂടി പരിഗണിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> അസംബ്ലി കമ്മിറ്റിയുടെ തെളിവെടുപ്പ് നടത്തിയതിനുശേഷമുള്ള പഠനറിപ്പോർട്ടാണ്, ആ റിപ്പോർട്ടും ഗൗരവമായിത്തന്നെയെടുക്കുന്നതാണ്.

## <u>വയനാട് ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. ഇ.കെ. വിജയൻ:</u> സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ വരൾച്ച നേരിടുന്ന പ്രദേശങ്ങളാണ് വയനാട്ടിലെ മുള്ളംകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകൾ എന്ന ഗൗരവമേറിയ വിഷയമാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കൃഷി വകുപ്പുമന്ത്രിയാണ് മറുപടി പറയുന്നതെങ്കിലും ബഹുമാന്യനായ മുഖ്യമന്ത്രികൂടിയുള്ളതുകൊണ്ട് ഈ വിഷയം ശ്രദ്ധയോടെ ശ്രവിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ ഫലപ്രദമായ സഹായം ലഭിച്ചില്ലെങ്കിൽ അവിടത്തെ കൃഷിക്കാർ കൂട്ട ആത്മഹത്യയിലേക്ക് നീങ്ങും. ഈ 17–ാം തീയതി ശ്രീ. വി.എസ്. സുനിൽ കുമാർ, ശ്രീ. ചിറ്റയം ഗോപകുമാർ എന്നിവരോടൊപ്പമാണ് ഞങ്ങൾ അവിടം സന്ദർശിച്ചത്. നിറകണ്ണുകളോടെയാണ് കൃഷിക്കാർ ഞങ്ങളെ സ്വീകരിച്ചത്. ചില വീടുകളിൽ മരണ വീടുകളുടെ പ്രതീതിയാണ്. വരൾച്ചമൂലം പതിനായിരക്കണക്കിന് കുരുമുളക് വള്ളികളാണ് നശിച്ചത്. ഒപ്പം വാഴയും അനുബന്ധ കൃഷികളും പൂർണ്ണമായും നശിച്ചു. ചെറുകിട നാമമാത്ര കൃഷിക്കാരാണ് അവിടെയുള്ളവരിൽ അധികവും. നേരത്തെ 15 ക്വിന്റൽ കുരുമുളക് ലഭിച്ച സ്ഥാനത്ത് ഈ വർഷം 15 കിലോപോലും ലഭിച്ചില്ലെന്ന് കൃഷിക്കാരൻ കണ്ഠമിടറി കരഞ്ഞുകൊണ്ട് പറഞ്ഞപ്പോൾ ഞങ്ങളും കരഞ്ഞു

പോയി. കാവേരി നദീജല ട്രിബ്യൂണൽ കേരളത്തിനനുവദിച്ച ജലത്തിൽ 21 ടി.എം.സി വെള്ളം കബനിയിൽനിന്നാണ് ലഭിക്കേണ്ടത്. കേരളത്തിന്റെയും കർണ്ണാടകയുടെയും അതിർത്തിയിലൂടെ ഒഴുകുന്ന കബനീനദി വറ്റിയതും കൃഷിക്കാർ ഞങ്ങളെ കാണിച്ചുതന്നു. അതുപോലെ കബനിയിലേയ്ക്കെത്തുന്ന **കണ്ണാരപ്പുഴ, കൂട്ടുപുഴ** എന്നിവ പൂർണ്ണമായി വരണ്ട് പുഴയാണെന്ന് മനസ്സിലാകാത്ത അവസ്ഥയിലാണ്. കബനി, മരക്കടവ്, കൊളവള്ളി, സീതമൗണ്ട്, ചാവപ്പാറ, കാപ്പിസെറ്റ്, വണ്ടിക്കടവ്, ശശിമല തുടങ്ങി ഒട്ടേറെ സ്ഥലങ്ങളാണ് ഞങ്ങൾ സന്ദർശിച്ചത്. കർണ്ണാടകയുടെ റിസർവ്വ് വനങ്ങൾ വ്യാപകമായി ഉണങ്ങിത്തുടങ്ങി. അതിനാൽ വന്യമൃഗശല്യവും ഇങ്ങോട്ടേക്ക് രൂക്ഷമായിരിക്കുകയാണ്. ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയവ പൂർണ്ണമായും നശിച്ചിരിക്കുന്നു. കൃഷിനാശംമൂലം ബാങ്കിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങിയ ലോൺ തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. ടൈഗർ സോണാണെന്ന് ഭൂമാഫിയ പ്രചരിപ്പിക്കുന്നതിനെത്തുടർന്ന് ഭൂമികൈമാറ്റവും അവിടെ നടക്കുന്നില്ല. നിത്യനിദാനച്ചെലവിനും ചികിത്സയ്ക്കുംവേണ്ടി കൃഷിക്കാർ ഏകദേശം നമ്മുടെ കൈവണ്ണമുള്ള മരംപോലും ഇപ്പോൾ മുറിച്ചുവിൽക്കുകയാണ്. ഇത് വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കും. കർഷകന് ഇതിനുമതിയായ വില ലഭിക്കുന്നില്ല. മരക്കച്ചവടക്കാർ പറയുന്ന വിലയ്ക്ക് മരംവിറ്റ് കിട്ടുന്ന കാശ് പട്ടിണിമാറ്റാൻ ഉപയോഗിക്കുകയാണ്. ഇതുകൂടി കഴിഞ്ഞാൽ ആത്മഹത്യയല്ലാതെ മറ്റൊരു മാർഗ്ഗവും അവരുടെ മുമ്പിലില്ല. വാങ്ങിയ ലോണുകൾ പലിശയടക്കം ഇരട്ടിയലധികമായി. കൃഷിപ്പാടവും തോട്ടവും ഇത്തരം സ്ഥാപനങ്ങളുടെ അധീനതയിലേക്ക് മാറാൻ പോകുകയാണ്. കേന്ദ്രസംസ്ഥാന സംഘം വരൾച്ചകാണാൻ കേരള

ത്തിലെത്തിയിരുന്നു. എന്നാൽ വയനാട്ടിലേക്ക് അവർ പോയില്ല. ഇത്ര ഭീകര മായ അവസ്ഥ കാണാതിരിക്കാനാണോ അവരെ അങ്ങോട്ടേക്ക് അയയ്ക്കാതി രുന്നത് എന്നാണ് കൃഷിക്കാർ ഞങ്ങളോട് ചോദിച്ചത്. കുടിവെള്ളവുമില്ല; അവിടെയുള്ള 300-ൽ അധികം കുഴൽകിണറിൽ വെള്ളം ലഭിക്കുന്നില്ല. ഭൂഗർഭജലം മൂന്നുമുതൽ അഞ്ച് മീറ്റർവരെ താണിരിക്കുകയാണ്. ആയതി നാൽ കർഷക്കാരെ രക്ഷിക്കാൻ ഉടനെ ചുരുങ്ങിയത് ഏക്കറിന് 15,000 രൂപ എന്ന തോതിൽ അവർക്ക് നൽകണം. ഇവരുടെ കടം പൂർണ്ണമായും എഴുതി ത്തള്ളണം. പുതിയതായി കൃഷിയിറക്കാൻ സൗകര്യമൊരുക്കണം. ഇതിനൊരു പ്രത്യേക പാക്കേജ് അവിടെ പ്രഖ്യാപിക്കണം. വയനാടിനെ നശിപ്പിക്കുന്നത് സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, തേക്ക് പ്ലാന്റേഷനുകളാണ് എന്ന അഭിപ്രായമാണ് കർഷകർക്കുള്ളത്. വയനാട് സംരക്ഷണ സമിതി ഇത് മുറിച്ചുമാറ്റു മെന്നുപ്രഖ്യാപിച്ച് വലിയ കൺവെൻഷൻ അവിടെ നടത്തിയിരിക്കുകയാണ്. കബനി നദിയിൽ വ്യാപകമായ തടയണവേണം എന്ന ആവശ്യവും അവർ ഉന്നയിച്ചു. ചെറുകിട ജലസേചന പദ്ധതികളും അവിടെ അനിവാര്യമാണ്. നേരത്തെ കൃഷിയിലേറെ സമ്പന്നമായിരുന്ന മുള്ളൻകൊല്ലി, പുൽപ്പള്ളി പഞ്ചായത്തുകളിലും വരൾച്ച വ്യാപിക്കുകയാണ്. ഇത് വയനാട് പൂർണ്ണ മായും വരൾച്ചയിലേക്ക് നീങ്ങാനുള്ള സാധ്യതയാണ് കാണുന്നത്. ഈ ഗൗരവമായ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നു. ഇതിന് ഉടനടി പരിഹാരമുണ്ടാകണം. അതോടൊപ്പം അടുത്തിടെ കടുവയുടെ ആക്രമണം നടന്ന മൂലംകാവ് ഭാഗത്തും ഞങ്ങൾ സന്ദർശിച്ചു. ഒരു ആദിവാസി, ഒരു അദ്ധ്യാപകൻ, ഒരു തഹസിൽദാർ എന്നിവർക്കാണ് അന്ന്

പരിക്കേറ്റത്. ഒരു സഹായവും സർക്കാരിന്റെ ഭാഗത്തുനിന്നും ലഭിച്ചില്ല. അതിരൂക്ഷമായ വരൾച്ചക്കെടുതിയനുഭവിക്കുന്ന ഈ പ്രദേശത്തെ ജനങ്ങളെ സഹായിക്കാൻ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് മരണത്തിൽ നിന്ന് അവരെ രക്ഷിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഗവൺമെന്റി നുമുമ്പിൽ അവതരിപ്പിക്കുന്നത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, വളരെയധികം ഗൗരവമുള്ളതും ആഗോള തലത്തിൽതന്നെ കാലാവസ്ഥാ വ്യതിയാനമുണ്ടാക്കിയതും കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കാർഷിക മേഖലയിലും ജലസേച ന-കുടിവെള്ള മേഖലയിലുമൊക്കെത്തന്നെ വളരെയധികം ബാധിച്ചുകൊണ്ടി രിക്കുന്നതുമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇ. കെ. വിജ യൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ 14-02-2013-ന് സുൽത്താൻബത്തേരി എം.എൽ.എ. നിയമസഭയിൽ സബ്മിഷൻ ഉന്നയിക്കുകയും അതുമായി ബന്ധപ്പെട്ട് കുറെയൊക്കെ നടപടികൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. അതേ സമയം അവിടത്തെ മന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും അതോടൊപ്പം തന്നെ ശ്രീ. എം. വി. ശ്രേയാംസ് കുമാറും ഇതേക്കുറിച്ച് കുറെ നിർദ്ദേശങ്ങളു മായി വന്നിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ സഹായ നടപടികളു മായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വയനാട് ജില്ലയിൽ മുള്ളൻകൊല്ലി, പുൽപ്പള്ളി എന്നീ പഞ്ചായത്തുകളിൽ വരൾച്ച എല്ലാ പ്രധാനപ്പെട്ട വിളകളെയും ബാധിച്ചിട്ടുണ്ട്. മുള്ളൻകൊല്ലി പഞ്ചായത്തിലെ കർണ്ണാടക സംസ്ഥാനത്തിന്റെ അതിർത്തിക്കടുത്തുള്ള സീതമൗണ്ട്, ശശിമല

എന്നീ പ്രദേശങ്ങളിലാണ് വരൾച്ച പ്രധാനമായും ബാധിച്ചിട്ടുള്ളത്. കൊളവള്ളി, പാടിച്ചിറ എന്നീ പ്രദേശങ്ങളിലും പുൽപ്പള്ളി പഞ്ചായത്തിലെ കാപ്പിസെറ്റ്, ദേവാർഗുഢ എന്നീ പ്രദേശങ്ങളിലും വരൾച്ച ബാധിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ ബന്ധപ്പെട്ട വിളകളായ കുരുമുളക്, കാപ്പി, കൊക്കോ, വാഴ, നെല്ല്, തെങ്ങ്, ചേന തുടങ്ങിയ കാർഷികോൽപ്പന്നങ്ങളെയാണ് വരൾച്ച വല്ലാതെ ബാധിച്ചിരിക്കുന്നത്. പുൽപ്പള്ളി പഞ്ചായത്തിൽ നെൽകൃഷി വിസ്തീർണ്ണത്തിൽ 60 ഹെക്ടറിന്റെയും മുള്ളൻകൊല്ലി പഞ്ചായത്തിൽ 70 ഹെക്ടറിന്റെയും കുറവ് സംഭവിച്ചിട്ടുണ്ട്. 15 വർഷം പ്രായമായ കുരുമുളക്, കാപ്പിത്തോട്ടങ്ങൾ സൂര്യതാപമേറ്റ് കരിഞ്ഞ നിലയിലാണ്. കിണറുകളിലും കുളങ്ങളിലും വെള്ളം മുഴുവനായി വറ്റിവരണ്ട് കുടിവെള്ള ക്ഷാമവും അനുഭവപ്പെടുന്നുണ്ട്. വരുന്ന ആഴ്ചകളിൽ ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കേണ്ടതായിട്ടുണ്ട്. മുള്ളൻകൊല്ലി പഞ്ചായത്തിലെ എഴുന്നൂറോളം കർഷകരും പുൽപ്പള്ളി പഞ്ചായത്തിലെ അഞ്ഞൂറോളം കർഷകരും സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടും കടക്കെണിയിൽപ്പെട്ടും ദുരിതമനുഭവിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ.യും സംഘവും അവിടെ സന്ദർശിച്ചതായിട്ടുള്ള വിവരങ്ങളും അറിയിച്ചിട്ടുണ്ട്. ഈ രണ്ട് പഞ്ചായത്തുകളിലും സംഭവിച്ചിട്ടുള്ള കൃഷിനാശത്തിന്റെയും ഉൽപ്പാദനത്തിന്റെയും നഷ്ടത്തിന്റെയും കണക്കെടുത്ത് ആവശ്യമായ നഷ്ടപരിഹാരത്തുകയുടെ കണക്കുകൾ ഇതോടൊപ്പം മേശപ്പുറത്ത് വയ്ക്കുകയാണ്. ഈ പ്രദേശങ്ങളിൽനിന്നും വരൾച്ചാ ദുരിതാശ്വാസം നൽകുന്നതിനുള്ള അപേക്ഷകൾ കൃഷിഭവനുകൾ സ്വീകരിച്ചുതുടങ്ങി. **എസ്.സി.ആർ.എം.** മാനദണ്ഡം അനുസരിച്ച് 243.95 ലക്ഷം രൂപ ഇതിനായി ആവശ്യംവരുമെന്ന് കണക്കാക്കിയിരിക്കുകയാ

ണ്. പ്രസ്തുത തുക നൽകാനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. കൃഷി ഉൾപ്പെടെയുള്ള വിവിധ മേഖലകളെ വരൾച്ചബാധിതമായി പ്രഖ്യാപിച്ച് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകൾക്കുവേണ്ടി 1995 കോടി രൂപയും സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും വരൾച്ചയുമായി ബന്ധപ്പെട്ട് 7889 കോടി രൂപയും അധിക സാമ്പത്തിക സഹായമായി ലഭിക്കാൻ കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരുമടക്കം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ സ്പെഷ്യൽ പാക്കേജായി 3936 കോടി രൂപയുടെ സഹായവും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ പരിഗണ നയിലാണ്. സംസ്ഥാനത്തിന്റെ വരൾച്ചയെക്കുറിച്ച് പഠിക്കുന്നതിനായി കേന്ദ്ര സർക്കാർ നിയോഗിച്ച സംഘം മാർച്ച് 18 മുതൽ 20 വരെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പരിശോധന നടത്തിവരുന്നു. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബന്ധപ്പെട്ട മറ്റ് മന്ത്രിമാരും കേന്ദ്രസംഘവുമായി ചർച്ച നടത്തുന്നതാണ്. വരൾച്ചാ ദുരന്തത്തെ നേരിടാൻ ഉദാരമായ സഹായം കേന്ദ്രസർക്കാരിൽനിന്നും പ്രതീക്ഷിക്കുന്നു. ഇതോടൊപ്പംതന്നെ വയനാട്ടിൽ കേന്ദ്രസംഘം പോയില്ലെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. കുറച്ചുമാസങ്ങൾക്കുമുമ്പ് കേന്ദ്രസംഘം അവിടെ പ്രത്യേകമായി സന്ദർശി ച്ചതിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടി കൾകൂടി ആരംഭിക്കുകയാണ്. അതോടൊപ്പംതന്നെ യൂക്കാലിപ്റ്റ്സ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ വളരെയധികം വരൾച്ചയ്ക്ക് അനുകൂലമായി ട്ടാണുള്ളത്. അതുകൊണ്ട് അത് മുറിച്ചുമാറ്റാനുള്ള നടപടികൾ കൃഷിവകുപ്പ്

മുഖാന്തിരം ആരംഭിച്ചിട്ടുണ്ട്. കടുവയുടെ ആക്രമണത്തെക്കുറിച്ച്, ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി അതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാനിവിടെ സൂചിപ്പിച്ച ഗുരുതരമായ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വന്നു. ആ കർഷകരെ സംരക്ഷിക്കാൻ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുകയും ഏക്കറിന് 15,000 രൂപവീതം അവർക്ക് വളരെ പെട്ടെന്ന് ഒരു ധനസഹായം നൽകുകയും ചെയ്തില്ലെങ്കിൽ കർഷകർ ആത്മഹത്യചെയ്യേണ്ടിവരുന്ന സാഹചര്യം ഉണ്ടാകും. കാരണം അവരുടെ ഏകസമ്പാദ്യമെന്ന നിലയിലുണ്ടായിരുന്ന ചെറിയ മരങ്ങൾപ്പോലും, ഞാൻ സൂചിപ്പിച്ചതുപോലെ കൈത്തണ്ട വലിപ്പമുള്ള മരങ്ങൾപ്പോലും മുറിച്ചുമാറ്റുന്ന സാഹചര്യത്തിൽ ഏക്കറിന് 15,000 രൂപവച്ച് അവർക്ക് നൽകുകയും ഉടനടിയൊരു പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തില്ലെങ്കിൽ ഒരു വലിയ പ്രശ്നമായിരിക്കും നമ്മുടെ കേരളം അഭിമുഖീകരിക്കാൻ പോകുന്നത്, ഈ രണ്ട് പഞ്ചായത്തിലെ ജനങ്ങളുടെ കൂട്ട ആത്മഹത്യയിലേക്കായിരിക്കും നീങ്ങുന്നത്. അപ്പോൾ അതിന് തയ്യാറാകുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചു, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.യും അതുപോലെ അങ്ങും കാളിങ് അറ്റൻഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇക്കാര്യം ചർച്ചചെയ്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഏപ്രിൽ 6-ാം തീയതി പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതും എന്തൊക്കെയാണോ ആവശ്യങ്ങൾ എന്നതിനെക്കുറിച്ച് പഠിക്കുകയും ചെയ്തുകൊണ്ട് അതിനുവേണ്ട മറ്റ് നടപടികളുമായി മുന്നോട്ടുപോകുമെന്ന് പറഞ്ഞിട്ടുണ്ട്.

(സബ്മിഷൻ)